**മധുരമായ കുട്ടികളേ, മായയുടെ പീഢനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി ബാബയുടെ ശരണത്തിൽ വരൂ, ഈശ്വരന്റെ ശരണത്തിൽ വരുന്നതിലൂടെ 21 ജന്മത്തേയ്ക്ക് മായയുടെ ബന്ധനത്തിൽ നിന്നും മോചിതരാകും.**

**ചോദ്യം** : നിങ്ങൾ കുട്ടികൾ ഏത് പുരുഷാർത്ഥത്തിലൂടെയാണ് ക്ഷേത്രത്തിലേക്ക് യോഗ്യരായ പൂജ്യനീയരായി മാറുന്നത്?
**ഉത്തരം** : ക്ഷേത്രത്തിലേക്ക് യോഗ്യരായ പൂജ്യനീയരായി മാറുന്നതിനു വേണ്ടി ഭൂതങ്ങളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയുള്ള പുരുഷാർത്ഥം ചെയ്യൂ. ഒരിക്കലും ഒരു ഭൂതവും പ്രവേശിക്കരുത്. ആരിലെങ്കിലും ഭൂതത്തെ കാണുകയാണെങ്കിൽ, ആരെങ്കിലും ദേഷ്യപ്പെടുകയാണെങ്കിൽ അഥവാ മോഹത്തിന് വശപ്പെടുന്നു എങ്കിൽ അവരിൽ നിന്നും ദൂരെയിരിക്കൂ. പവിത്രമായിരിക്കുവാനുള്ള പ്രതിജ്ഞ സ്വയം തന്നോട് ചെയ്യൂ. സത്യ സത്യമായ രാഖി കെട്ടൂ.

**ഗീതം** : അങ്ങയുടെ വിളിയ്ക്കായി കൊതിക്കുന്നു.......

**ഓംശാന്തി.** ഭക്തർ സദാ ഭഗവാനെ വിളിക്കുകയാണ്. ഭഗവാനെ പരമ പിതാവ് എന്ന് പറയുന്നു. പറയുന്നു- അല്ലയോ പതീത പാവനനായ പരംപിതാ പരമാത്മാവേ, വന്ന് ഞങ്ങളെ പതീതത്തിൽ നിന്നും പാവനമാക്കൂ. അപ്പോൾ തീർച്ചയായും സർവ്വരും പതീതർ തന്നെയാണ് കാരണം രാവണന്റെ രാജ്യമാണ്, അഞ്ച് വികാരങ്ങൾ സർവ്വ വ്യാപിയാണ്. സത്യയുഗത്തിലും അഞ്ച് വികാരങ്ങൾ സർവ്വ വ്യാപകമായിരിക്കും എന്നല്ല. അതിനെ പറയുന്നത് സമ്പൂർണ്ണ നിർവ്വികാരി ലോകം എന്നാണ്. ഇത് സമ്പൂർണ്ണ വികാരിയായ ലോകമാണ്. ഭാരതം സമ്പൂർണ്ണ നിർവ്വികാരിയായിരുന്നു എന്നത് മറന്ന് പോയി. ക്ഷേത്രങ്ങളിൽ പോയി ദേവതകൾ സർവ്വഗുണ സമ്പന്നരാണ്, സമ്പൂർണ്ണ നിർവ്വികാരിയാണ് എന്നൊക്കെ മഹിമ പറയാറുണ്ട്. ഇവിടെ സമ്പൂർണ്ണ വികാരികളാണ് അതുകൊണ്ട് ബാബയെ വിളിക്കുന്നു. ബാബ വന്ന് സമ്പൂർണ്ണ വികാരികൾക്കും ആശ്രയം നല്കുന്നു. ആശ്രയം ലഭിക്കുകയല്ലേ. ഇപ്പോൾ സർവ്വരും പതീതമാണ് അതുകൊണ്ട് വിളിക്കുന്നു.ആത്മാവാണ് അച്ഛനെ വിളിക്കുന്നത്-ബാബാ, ഞങ്ങൾ ആത്മാക്കൾ തികച്ചും വികാരികളായിത്തീർന്നിരിക്കുന്നു, അങ്ങ് വന്ന് നിർവ്വികാരിയാക്കൂ. പരസ്പരം കൊല്ലുകയാണ് അതുകൊണ്ട് ഇവരെ പിശാചുക്കൾ എന്നും പറയുന്നു. ഭാരതം ദേവതകളുടെ രാജ്യമായിരുന്നു- മനുഷ്യർക്ക് ഇത് അറിയില്ല. സത്യത്തിൽ ഭാരതം ദേവീ ദേവതകളുടെ രാജ്യമായിരുന്നു, അവരാണ് രാജ്യം ഭരിച്ചിരുന്നത്. എന്നാൽ മായ അരകല്പമായി പതുക്കെ പതുക്കെ തികച്ചും പതീതമാക്കി മാറ്റി അതുകൊണ്ട് ഇപ്പോൾ ഞങ്ങൾ ആത്മാക്കൾക്ക് ആശ്രയം തരൂ എന്ന് പറയുന്നു. ഭാവിയിൽ ദേവീ ദേവതയാകുവാൻ വേണ്ടി ഇപ്പോൾ നിങ്ങൾ ബാബയുടെ അടുക്കൽ വന്ന് ജന്മം എടുത്തിരിക്കുന്നു. ഇത് ഈശ്വരീയ ഗോഡ് ഫാദർലി മിഷനാണ്, പതീതരെ പാവനമാക്കുവാനുള്ള അഥവാ മുള്ളുകളെ പുഷ്പമാക്കുവാൻ വേണ്ടിയുള്ള മിഷനാണ്. പരംപിതാ പരമാത്മാവിന്റെ മതമനുസരിച്ച് മുള്ളുകളെ പുഷ്പമാക്കുക, നരകവാസികളെ സ്വർഗ്ഗവാസിയാക്കുക എന്നത് തന്നെയാണ് കുട്ടികളുടെ കർത്തവ്യം. നിങ്ങൾ ഓ ഗോഡ് ഫാദർ എന്ന് വിളിക്കുന്നുണ്ട്, അപ്പോൾ തീർച്ചയായും നിങ്ങൾ ആ ഗോഡ് ഫാദറിനെ അറിയുന്നുണ്ട്. പിന്നെ പരമാത്മാവ് എവിടെയാണ് എന്ന് പറയുവാൻ സാധിക്കില്ല! ആത്മാവാണ് ഓ ഗോഡ് ഫാദർ എന്ന് വിളിക്കുന്നത്. ആത്മാക്കൾ പരമാത്മാവിനെ വിളിക്കുന്നു, ആ പരമാത്മാവിനെ ഈ കണ്ണുകളിലൂടെ കാണുവാൻ സാധിക്കില്ല. ആത്മാവിനേയും കാണുവാൻ സാധിക്കില്ല. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. ആത്മാവ് ജ്യോതി സ്വരൂപമാണ്. പരംപിതാ പരമാത്മാവിന്റെ രൂപവും അത് തന്നെയാണ്. ബാബ പറയുന്നു, നിങ്ങൾ ആത്മാക്കൾ ഒരു വസ്ത്രം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. നിങ്ങൾ ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ആത്മാവ് ശരീരം ഉപേക്ഷിക്കുന്നു. നമ്മുടെ അച്ഛൻ മരിച്ച് പോയി എന്ന് പറയും, പക്ഷേ ആത്മാവ് മരിക്കുന്നില്ല. ആത്മാവിനെ വിളിക്കുന്നു. ഇത് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. എന്നാൽ ലോകത്തിലുള്ള മനുഷ്യർ ബാബയെ അറിയുന്നില്ല അതുകൊണ്ട് പരസ്പരം എത്രമാത്രം വഴക്കടിച്ച് കൊണ്ടിരിക്കുന്നു. ഇപ്പോൾ മിസൈലുകൾ കൊണ്ട് എന്താണ് ചെയ്യുവാൻ പോകുന്നത്! ഇതിനെയാണ് ഡെവിൾ വേൾഡ്(പിശാചുക്കളുടെ ലോകം) എന്ന് പറയുന്നത്. ബാബ പറയുന്നു ഞാൻ ഒരിക്കലും അങ്ങനെയൊരു സൃഷ്ടി രചിക്കുന്നില്ല. ബാബ സ്വർഗ്ഗമാണ് രചിക്കുന്നത്. സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. അപ്പോൾ തീർച്ചയായും ബാബയ്ക്ക് വരേണ്ടതുണ്ട്. ബാബ പറയുന്നു - കുട്ടികളേ, പതീതരും ദുഃഖിതരുമായിരിക്കുന്നവരെ സദാ സുഖിയാക്കുന്നതിനു വേണ്ടി ഞാൻ വന്നിരിക്കുകയാണ്. പതീത പാവനാ വരൂ, അല്ലയോ ഗോഡ് ഫാദർ ദയ കാണിക്കൂ എന്ന് അവിടെ ആരും പറയില്ല. അങ്ങനെ ഒരിക്കലും

വിളിക്കുന്നില്ല കാരണം സുഖം തന്നെയാണ്. ദുഃഖിതരായിരിക്കുമ്പോൾ സർവ്വരും ഓർമ്മിക്കുന്നു. ആത്മാവ് തന്നെയാണ് ഓർമ്മിക്കുന്നത്. ശരീരത്തിലിരിക്കുമ്പോഴാണ് ദുഃഖവും സുഖവും ഉണ്ടാകുന്നത്. ശരീരമില്ലായെങ്കിൽ ആത്മാവ് സുഖത്തിൽ നിന്നും ദുഃഖത്തിൽ നിന്നും വേറിട്ടതാണ്. ബാബ പറയുന്നു, ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവ് എന്നാക്കുന്നു. ചിലർ നല്ല രീതിയിൽ മനസ്സിലാക്കുന്നു, ചിലർ മനസ്സിലാക്കുന്നില്ല, അതിൽ നിന്നും മനസ്സിലാകുന്നത്– ഇവർ പാവന ലോകത്തിൽ പോകുവാൻ യോഗ്യർ അല്ല എന്നാണ് അതുകൊണ്ട് ശ്രീമത്തനുസരിച്ച് നടക്കുന്നില്ല. ഇത് ആസുരീയ രാവണ സമ്പ്രദായം തന്നെയാണ്. ഓരോ വർഷവും രാവണനെ കത്തിക്കുന്നുണ്ടല്ലോ. ഇത് ഒരു അടയാളമാണ്. ഓരോ വർഷവും രാഖിയും കെട്ടുന്നുണ്ട് കാരണം പവിത്രമായിരിക്കുന്നില്ല. രാഖി കെട്ടിയിട്ട് വീണ്ടും അപവിത്രമാകുന്നു അതുകൊണ്ട് ഓരോ വർഷവും രാഖി കെട്ടുന്നു. രാഖി പവിത്രതയുടെ അടയാളമാണ്. വികാരികളായിട്ടുള്ളവർക്ക് രാഖി അയച്ച് കൊടുത്ത് അവരെ കൊണ്ട് പ്രതിജ്ഞ ചെയ്യിക്കുന്നു അതായത് നമ്മൾ പ്രവിത്രമായിരിക്കും എന്ന്. പവിത്രമാകുന്നതിലൂടെ 21 ജന്മം രാജ്യഭാഗ്യം നേടും.

ബാബ പറയുന്നു – ഞാൻ തന്നെയാണ് വന്ന് നിങ്ങൾ സർവ്വരേയും പൂജ്യരാക്കുന്നത്. ഇപ്പോൾ നിങ്ങൾ പൂജാരികളാണ്. ദേവതകളുടേയും കല്ലിന്റെയും മണ്ണിന്റെയും പൂജ ചെയ്ത് കഷ്ടപ്പെടുന്നു. ഞാൻ നിങ്ങളെ ഈ കഷ്ടതകളിൽ നിന്നും മോചിപ്പിച്ച് പൂജ്യ ലക്ഷ്മീ നാരായണനാക്കുന്നു. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് നരനിൽ നിന്നും നാരായണനാകുന്നതിനു വേണ്ടിയാണ്. അരകല്പം മായ കഷ്ടപ്പെടുത്തി ഇപ്പോൾ നിങ്ങൾ പരംപിതാ പരമാത്മാവിന്റെ ആശ്രയത്തിൽ വന്നിരിക്കുകയാണ്. മമ്മയും വന്നിരിക്കുകയാണ്. ഈ ബാബയും ശിവബാബയുടെ ആശ്രയത്തിൽ വന്നിരിക്കുകയാണ്. ബാബയ്ക്ക് തന്റെ ശരീരം ഇല്ല. ബാബയുടെ പേര് ശിവൻ എന്നാണ്. ശിവബാബയുടെ പേര് ഒരിയ്ക്കലും മാറുന്നില്ല. മനുഷ്യാത്മാവിന്റെ പേര് മാറികൊണ്ടിരിക്കുന്നു. 84 പേര് ലഭിക്കുന്നു. ഈ കാര്യങ്ങളെ മനുഷ്യർ അറിയുന്നില്ല. 84 ജന്മം എന്നും പറയുന്നുണ്ട് എന്നാൽ ആരാണ് 84 ജന്മം എടുക്കുന്നത് എന്നത് ആരും അറിയുന്നില്ല. ഭാരതവാസികൾ, ആരാണോ ദേവീ ദേവതയായിരുന്നത് അവരാണ് 84 ജന്മം എടുക്കുന്നത്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ഇത് മനുഷ്യന് തന്നെയാണ് അറിയേണ്ടത്. നിങ്ങൾക്കറിയാം ഗോഡ് ഫാദർ സ്വർഗ്ഗത്തിന്റെ രചയിതാവാണ് അപ്പോൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. ഭാരതം സ്വർഗ്ഗമായിരുന്നു. ആ സ്വർഗ്ഗം മായാ രാവണൻ തട്ടിയെടുത്തു. ഇപ്പോൾ വീണ്ടും മായയെ ജയിക്കണം. മായയെ ജയിച്ചാൽ ജഗത്ജീത്താകും. രാവണനോട് തോറ്റ് ഡെവിൾ ആയി, ഇപ്പോൾ ദേവതയാകണം. മുള്ളിൽ നിന്നും മൊട്ടും, മൊട്ടിൽ നിന്നും പിന്നെ പുഷ്പവും ആകണം. മായയുടെ കൊടുങ്കാറ്റ് വരുമ്പോൾ മൊട്ടുകളും പുഷ്പങ്ങളും അടർന്നു വീഴുന്നു. അമ്മയുടേയും അച്ഛന്റേതും ആയതിനു ശേഷം ഉപേക്ഷിച്ച് പോകുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. തീയതിയും മാസവും സഹിതം തെളിവോടുകൂടി മനസ്സിലാക്കിച്ച് തരുന്നു – ഇത് മനുഷ്യ സൃഷ്ടിയുടെ തല കീഴായ വൃക്ഷമാണ്, മുകളിലാണ് ബീജം, അതുകൊണ്ടല്ലേ ഗോഡ് ഫാദർ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്. നമ്മൾ സഹോദരങ്ങളാണ്. സർവ്വർക്കും ബാബയിൽ നിന്നും സമ്പത്ത് ലഭിക്കണം. അതിനെ സാഹോദര്യം എന്ന് പറയുന്നു.നിങ്ങൾ സർവ്വരും സഹോദരങ്ങളാണ്, അച്ഛനിൽ നിന്നുമാണ് സമ്പത്ത് ലഭിക്കേണ്ടത്. ബാബ നിങ്ങൾക്ക് സുഖത്തിന്റെയും ശാന്തിയുടേയും സമ്പത്ത് നല്കുന്നു. ബാബ വന്ന് ടീച്ചറിന്റെ രൂപത്തിൽ പഠിപ്പിക്കുന്നു, പിന്നെ സത്ഗുരുവായി കൂടെ കൊണ്ട് പോകുന്നു. സത്യമെന്ന് ഒരേയൊരു ഗോഡ് ഫാദറിനെയാണ് പറയുന്നത്. ആ ഗോഡ് ഫാദറിന്റെ സത്സംഗമാണ്. സത്യമായുള്ള കൂട്ട്കെട്ട് ഉയർത്തുന്നു, ഇപ്പോൾ വിനാശം സംഭവിക്കണം. സർവ്വർക്കും സുഖധാമത്തിലേയ്ക്കും ശാന്തിധാമത്തിലേയ്ക്കും പോകണം. തോണിക്കാരാ എന്നെ അക്കരെ എത്തിക്കൂ, ഞങ്ങൾ വിഷയ സാഗരത്തിൽ മുങ്ങികൊണ്ടിരിക്കുകയാണ് എന്ന് പറയുന്നു. അതുകൊണ്ട് സുഖധാമത്തിലേയ്ക്കും ശാന്തീധാമത്തിലേയ്ക്കും കൊണ്ട് പോകുവാൻ ബാബയ്ക്ക് വരിക തന്നെ വേണം. പകുതി കല്പം സുഖധാമവും പകുതി കല്പം ദുഃഖധാമവുമാണ്. ഈ ഭാരതം തികച്ചും പതീതവും ഭോഗിയുമായി മാറിയിരിക്കുന്നു. യോഗി എന്ന് പറയില്ല. സത്യയുഗത്തിനേയും ത്രേതായുഗത്തിനേയും യോഗേശ്വരന്റെ രാജ്യം എന്നാണ് പറയുന്നത്. കൃഷ്ണനെ യോഗേശ്വരൻ എന്ന് പറയുന്നു. ഈശ്വരനുമായി യോഗം വച്ച് പദവി നേടണം. അത് നിങ്ങൾ നേടിക്കൊണ്ടിരിക്കുന്നു. എത്ര നല്ല രീതിയിലാണ് ബാബ മനസ്സിലാക്കി തരുന്നത്. ജ്ഞാന സാഗരനാണ് മനസ്സിലാക്കി തരുന്നത്. മനുഷ്യൻ ജ്ഞാന സാഗരം ആകുന്നില്ല. ഇദ്ദേഹം (ബ്രഹ്മാ ബാബ) സ്വയം ജ്ഞാനസാഗരം എന്ന് പറയുന്നില്ല. നിങ്ങൾ ഇപ്പോൾ മാസ്റ്റർ ജ്ഞാനസാഗരമാവുകയാണ്. ജ്ഞാന സാഗരനിൽ നിന്നും മുഴുവൻ ജ്ഞാനവും മനസ്സിലാക്കുന്നു. ടീച്ചറിൽ നിന്നും വക്കീലിന്റെ ജ്ഞാനം വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു എന്നിട്ട് വക്കീലായി മാറുന്നു എന്നത് പോലെ, നിങ്ങൾ സർവ്വതും ജ്ഞാന സാഗരനിൽ നിന്നും മനസ്സിലാക്കുകയാണ്. മുഴുവൻ ജ്ഞാനവും ലഭിച്ച് കഴിഞ്ഞാൽ പിന്നെ നിങ്ങൾ പ്രാലബ്ധം നേടും. ബാബ നിർവ്വാണ ധാമത്തിലേയ്ക്ക് പോകും. നിങ്ങൾ കുട്ടികൾ നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് സമ്പത്ത് എടുക്കുകയാണ്. ഈ ജ്ഞാനത്തിലൂടെ നിങ്ങൾ തന്നെയാണ് ദേവീ ദേവതകളും

സദാ സുഖികളുമായി മാറുന്നത്. ഇപ്പോൾ നിങ്ങൾ ഈശ്വരന്റെ ആശ്രയത്തിൽ വന്നിരിക്കുകയാണ്. ബാബ നിങ്ങളെ 21 ജന്മം മായയുടെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കുന്നു. എത്ര സഹജമായി ബാബ മനസ്സിലാക്കി തരുന്നു. ആർക്കാണോ പവിഴ ബുദ്ധി ആകേണ്ടത് അവർ ആകും.

നമ്മൾ ബാബയിൽ നിന്നും കല്പ കല്പം സമ്പത്ത് എടുക്കും എന്ന് നിങ്ങൾക്കറിയാം. മായ തട്ടിയെടുക്കുമ്പോൾ വീണ്ടും ഞാൻ വന്ന് നിങ്ങൾക്ക് സുഖത്തിന്റേയും ശാന്തിയുടേയും സമ്പത്ത് നല്കുന്നു. രാവണൻ ദുഃഖത്തിന്റെ സമ്പത്ത് നല്കുന്നു, രാമൻ സുഖത്തിന്റെ സമ്പത്ത് നല്കുന്നു. എത്ര ജന്മമാണെന്നും, എത്ര സമയം സുഖത്തിന്റെയും ദുഃഖത്തിന്റെയും സമ്പത്ത് ലഭിക്കുന്നു എന്നും നിങ്ങൾക്ക് തന്നെയാണ് പറയുവാൻ സാധിക്കുന്നത്. ബാബ പറയുന്നു - അച്ഛനായ എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ ആത്മാവ് പരംപിതാ പരമാത്മാവിന്റെ കുട്ടിയാണ്. ബാബയെ ഓർമ്മിക്കൂ അപ്പോൾ നിങ്ങളുടെ വികർമ്മം നശിക്കും അത്രയും മതി, വികർമ്മാജീത്ത് രാജാവായി മാറും. വികർമ്മാജീത്ത് രാജാവിന്റെ സംവത്സരം ഒന്ന് മുതൽ ആരംഭിക്കുന്നു പിന്നെ വിക്രമ സംവത്സരം 2500 വർഷങ്ങൾക്ക് ശേഷം ആരംഭിക്കുന്നു. വികർമ്മാജീത്തും വിക്രമ സംവത്സരവും ഭാരതവാസികളുടെ രണ്ട് സംവത്സരങ്ങളാണ്. വിക്രമ സംവത്സരം എല്ലാവരും അറിയുന്നുണ്ട്, വികർമ്മാജീത്തിന്റെ സംവത്സരം സർവ്വരും മറന്ന് പോയി. ഇത് പഠിത്തമാണ്.

നോക്കൂ, മുരളിയും എത്രമാത്രം യാത്ര ചെയ്യുന്നു. ഇല്ലായെങ്കിൽ ഗോപ ഗോപികമാരുടെ അടുക്കൽ മുരളി എങ്ങനെ എത്തും? ടേപ്പും ലഭിക്കുന്നുണ്ട്. എല്ലാ സെന്ററുകളിലും ടേപ്പ് കേൾക്കുന്നുണ്ട്. ഈ മുരളി വളരെ അതിശയകരമായതാണ്. ഗോപ ഗോപികമാർ ആഗ്രഹിച്ചിരുന്നത് എന്ന് ഇതിനെ കുറിച്ചാണ് പറയുന്നത്. ബാബ പറയുന്നു- ഞാൻ വരുന്നത് തന്നെ പതീത ലോകത്തിലാണ്. സത്യയുഗത്തിൽ ദേവതകൾക്ക് അപാരമായ സുഖമായിരിക്കും. ഇത്രയും സുഖം മറ്റാർക്കും നേടുവാൻ സാധിക്കില്ല. വജ്രങ്ങളുടേയും രത്നങ്ങളുടേയും കൊട്ടാരങ്ങളിലാണ് താമസിക്കുന്നത്. ഇവിടെ സ്വർണ്ണത്തിന് എത്രമാത്രം വിലയാണ്. അവിടെ നിങ്ങൾ സ്വർണ്ണത്തിന്റെ ഇഷ്ടികകൾ കൊണ്ട് കൊട്ടാരം ഉണ്ടാക്കും. പിന്നെ അതിൽ രത്നങ്ങൾ കൊണ്ടുള്ള അലങ്കാരങ്ങൾ ഉണ്ടായിരിക്കും. ബാബ കുട്ടികളെ എന്തിൽ നിന്നും എന്താക്കി മാറ്റുന്നു! പവിത്രമായിരിക്കുവാനുള്ള പ്രതിജ്ഞ മാത്രം ചെയ്യണം. ക്രോധത്തിന്റെ ഭൂതവും ഉണ്ടാകരുത്. ഇവരിൽ ഭൂതം പ്രവേശിച്ചിരിക്കുകയാണ്, ഇവരിൽ നിന്നും മാറി പോകേണ്ടതുണ്ട് എന്ന് മനസ്സിലാക്കണം. ഇപ്പോഴും വളരെയധികം പേരുടെ മോഹം ഇല്ലാതാകുന്നില്ല. കുരങ്ങിന്റെ മോഹമുണ്ടല്ലോ അതുപോലെ കുട്ടികളോടൊക്കെ വളരെയധികം മോഹമുണ്ട്. കുരങ്ങുകളിലാണ് ഏററവും കൂടുതൽ വികാരമുള്ളത്. നിങ്ങളെ ഇപ്പോൾ കുരങ്ങനിൽ നിന്നും ക്ഷേത്രത്തിലേയ്ക്ക് യോഗ്യരാക്കികൊണ്ടിരിക്കുന്നു.

രക്ഷാബന്ധനത്തിന്റെ രഹസ്യവും മനസ്സിലാക്കി തന്നിട്ടുണ്ട്. രാഖി കെട്ടുന്ന കാര്യമല്ല. ഇത് ബാബയോട് പ്രതിജ്ഞ ചെയ്യുകയാണ്. മധുരമായ ബാബാ, പരിധിയില്ലാത്ത ബാബാ, ഞങ്ങൾ ഭക്തർ അങ്ങയെ ഓർമ്മിച്ചു. ഇപ്പോൾ വൈകുണ്ഠത്തിന്റെ അധികാരിയാക്കുവാൻ അങ്ങ് വന്നിരിക്കുകയാണ്, അതുകൊണ്ട് ഞങ്ങൾ അങ്ങയുടെ സഹായികളാകുന്നു. ഞങ്ങൾ ഒരിക്കലും അപവിത്രമാവുകയില്ല എന്ന് പ്രതിജ്ഞ ചെയ്യുന്നു. പവിത്രമായി ഭാരതത്തെ പവിത്രമാക്കും. എത്ര സഹജമായ കാര്യമാണ്! ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. ശ്രീമത്തിലൂടെ പതീത മനുഷ്യരെ പാവന ദേവതയാക്കുവാനുള്ള സേവനം ചെയ്യണം. പൂർണ്ണമായും ബാബയുടെ സഹായികളാകണം.

2. ജ്ഞാനസാഗരനിൽ നിന്നും മുഴുവൻ ജ്ഞാനവും മനസ്സിലാക്കണം. ബാബയുടെ ഓർമ്മയിലൂടെ വികർമ്മങ്ങളെ ഭസ്മമാക്കി വികർമ്മാജീത്താകണം.

**വരദാനം:- ഏതൊരു ജോലി ചെയ്തുകൊണ്ടും സ്വയത്തെ സേവാധാരിയെന്ന് മനസ്സിലാക്കി സേവനം ചെയ്യുന്ന ഡബിള്‍ ഫലത്തിന്റെ അധികാരിയായി ഭവിക്കട്ടെ.**

ഏതൊരു കാര്യം ചെയ്തുകൊണ്ടും അത് ജോലി സ്ഥലത്ത് പോവുകയാകട്ടെ, ബിസിനസ്സ് ചെയ്യലാകട്ടെ സദാ സ്മൃതിയിലുണ്ടായിരിക്കണം സേവനത്തിന് വേണ്ടി ഈ കാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. സേവനത്തിന് നിമിത്തമായി ഇത് ചെയ്തുകൊണ്ടിരിക്കയാണ്- എങ്കില്‍ സേവനം താങ്കളുടെയടുത്ത് സ്വതവേ വരും മാത്രമല്ല എത്രയും സേവനം ചെയ്യുന്നുവോ അത്രയും സന്തോഷം വര്‍ദ്ധിച്ചുകൊണ്ടിരിക്കും. ഭാവിയിലേക്ക് സമ്പാദ്യമുണ്ടാവുക തന്നെ ചെയ്യും ഒപ്പം പ്രത്യക്ഷഫലമായ സന്തോഷവും ലഭിക്കും. അപ്പോള്‍ ഡബിള്‍ ഫലത്തിന്റെ അധികാരിയാകും. ഓര്‍മ്മയിലും സേവനത്തിലും ബുദ്ധി ബിസിയാകാമെങ്കില്‍ സദാ തന്നെ ഫലം കഴിച്ചുകൊണ്ടിരിക്കും.

**സ്ലോഗന്‍:- ആര് സദാ സന്തുഷ്ടരായിരിക്കുന്നുവോ അവര്‍ സ്വയത്തിനും സര്‍വ്വര്‍ക്കും പ്രിയപ്പെട്ടവരായിരിക്കും.**